കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്(കെ.എൽ.ജി.എസ്.ഡി.പി) ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലി കൾക്കുമുള്ള വേൾഡ് ബാങ്ക് സഹായം - അധികമാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്

സ.ഉ.(സാധാ)നം.2668/11/തസ്വഭവ തിരുവനന്തപുരം, തീയതി.15.11.2011

---

പരാമർശം:- (1)20.07.2011-ലെ സ.ഉ(സാധാ)നം.1731/2011/തസ്വഭവ

(2)28.10.2011-ലെ കെ.എൽ.ജി.എസ്.ഡി.പി കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം (ഇനം നം. 3)

(3)28.10.2011-ലെ കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ട് ഡയറക്ടറുടെ 15/2011/കെ.എൽ.ജി.എസ്.ഡി.പി നമ്പർ കുറിപ്പ്.

## ഉത്തരവ്

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) - ലെ പെർഫോമൻസ് ഗ്രാന്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള മൂലധന ആസ്തികളുടെ മെയിന്റനൻസിനും മാത്രമാണ് വിനിയോഗിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കാനാവാത്ത പ്രവൃത്തികളുടെ ലിസ്റ്റും സൂചിപ്പിച്ചിരുന്നു.

പെർഫോമൻസ് ഗ്രാന്റ് സംബന്ധിച്ച് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും, മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും ഓറിയന്റേഷൻ പരിശീലനവും നൽകിയിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് മുമ്പും പരിശീലന പരിപാടികൾക്കും മുൻപേ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയതായി കാണുന്നു.

പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നടത്തിയ സ്ക്രീനിംഗ് പ്രകാരം സംസ്ഥാനത്ത് ഡി.പി.സി അനുമതി നേടിയ 6952 പ്രോജക്ടുകളിൽ നെഗറ്റീവ് ലിസ്റ്റ് പ്രകാരവും പേർഫോമൻസ് ഗ്രാന്റിന്റെ മാനദണ്ഡ പ്രകാരവും അനുവദനീയമല്ലാത്ത 740 ഓളം പ്രോജക്ടുകൾ അംഗീകരിച്ചതായി കാണുന്നു.

(അനുബന്ധം 1-ൽ ലിസ്റ്റ് ചേർത്തിട്ടുണ്ട്)

പരാമർശം (2)-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം അനുബന്ധം 1-ൽ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് വേൾഡ് ബാങ്ക് വിഹിതത്തിൽ നിന്നും അനുമതി നൽകേണ്ടതില്ലായെന്ന് തീരുമാനിക്കുകയുണ്ടായി.

contd........

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതനുസരിച്ച് പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ചുവടെ പ്രതിപാദിക്കുന്ന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനം, പശ്ചാത്തല വികസനം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ-ഗവേണൻസ്, ജിയോ ഇൻഫർമേഷൻ സിസ്റ്റം, ഓൺലൈൻ സർവീസ്, പ്രോപ്പർട്ടി ടാക്സ്മാപ്പിംഗ് എന്നിങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാനം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലോക ബാങ്ക് വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 2011-12 വർഷത്തെ പ്രോജക്ടിൽ ഉചിതമായ ഭേദഗതികൾ വരുത്തി ഡിപിസി അംഗീകാരം നേടേണ്ടതാണ്. ഇപ്രകാരമുള്ള പ്രോജക്ടുകൾ തുടർന്നു വരുന്ന വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
4. സെക്രട്ടറി, ധനകാര്യ വകുപ്പ്
5. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8. നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
9. ഡയറക്ടർ, ഗിഫ്റ്റ്, തിരുവനന്തപുരം
10. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
11. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെൻറ്, കൊട്ടാരക്കര
12. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
13. ചീഫ് എഞ്ചിനീയർ, തദ്ദേശഭരണ വകുപ്പ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും(ജില്ലാ കളക്ടർമാർക്കും)
15. എല്ലാ ടി.എ.ജി ചെയർമാന്മാർക്കും, മെമ്പർ സെക്രട്ടറിമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
19. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
20. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
21. ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
22. സെക്രട്ടറി, മുനിസിപ്പൽ ചെയർമാന്മാരുടെ ചേമ്പർ
23. അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

contd.....

24. പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി

25. ഓഫീസ് കോപ്പി/കരുതൽ കോപ്പി

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് (പഞ്ചായത്ത്) മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ്(ഗ്രാമവികസനം)മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ചീഫ് സെക്രട്ടറിയുടെ ആഫീസ്
7. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
8. തദ്ദേശ സ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/എഫ്.എം സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*അനുബന്ധം -1*

I. **ഭൂമി വാങ്ങൽ**

II. **ഷോപ്പിംഗ് കോംപ്ലക്സ്**

- നിർമ്മാണം./അറ്റകുറ്റപ്പണികൾ.

III. **വാഹനം വാങ്ങൽ**

- ജീപ്പ്/കാർ/ആംബുലൻസ്/ട്രാക്ടർ

IV. **വ്യക്തിഗത ഭവന നിർമ്മാണം.**

- ഇ.എം.എസ്. ഹൗസിംഗ്
- ഐ.എ.വൈ.
- അറ്റകുറ്റപ്പണികൾ/മെച്ചപ്പെടുത്തൽ.
- വൈദ്യുതീകരണം.
- വായ്പ തിരിച്ചടവ്/പഞ്ചായത്ത് വിഹിതം അടയ്ക്കൽ.

V. **മാച്ചിംഗ് ഗ്രാന്റ്**

- അംഗൻവാടി വർക്കർമാരുടെ ഹോണറേറിയം.
- ഐ.സി.ഡി.എസ്. പോഷഹാകാരം.
- ഐ.കെ.എം.
- എസ്.എസ്.എ.
- കെ.ഡബ്ലിയു.എ. ഡെപ്പോസിറ്റ്/ബിൽ ഒടുക്കൽ.
- സ്റ്റാമ്പ് ഡ്യൂട്ടി.
- ഡിക്രീ പേയ്മെന്റ്.
- ടെണ്ടർ എക്സസ്.
- ജലനിധിയുടെ വിഹിതം.

VI. **വിദ്യാഭ്യാസ പരിപാടികൾ**

- സ്ക്കൂൾ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.
- മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായുള്ള സ്ക്കോളർഷിപ്പ്.
- കലാപരമായും/സാംസ്ക്കാരികപരമായുമുള്ള വർക്ക്ഷോപ്പുകൾ.
- തുല്യതാ പരീക്ഷയ്ക്കുള്ള ഫീസ്.

- സ്ക്കൂൾ കുട്ടികൾക്കായുള്ള ഹെൽത്ത് ഇൻഷുറൻസ്.
- ഉച്ച ഭക്ഷണം.
- ദിന പത്രങ്ങളുടെയും/കുട്ടികൾക്കായുള്ള പുസ്തകങ്ങളുടെയും വിതരണം.
- കരിയർ ഗൈഡൻസ് പ്രോഗ്രാം.
- വിജ്ഞാൻ ജ്യോതി.
- പി.എസ്.സി. കോച്ചിംഗ് ക്ലാസ്.
- യൂണിഫോം വിതരണം.
- സാക്ഷരതാ മിഷൻ.
- കണ്ണട വിതരണം (സ്ക്കൂൾ കുട്ടികൾക്ക്)
- ബോധവൽക്കരണ പരിപാടികൾ.

VII. **ആരോഗ്യ മേഖല**

- പാലിയേറ്റീവ് കെയർ-ആസ്തികൾ അല്ലാത്തവ.
- മരുന്ന് വാങ്ങൽ.
- വൃദ്ധ ജനങ്ങൾക്കുള്ള പരിപാടികൾ.
- അർബുദ നിയന്ത്രണ പരിപാടി.
- യോഗ ക്ലാസ്സ്.

VIII. **ക്ഷേമകാര്യം**

- അംഗൻവാടി വർക്കർമാരുടെ ഹോണറേറിയം.
- വിധവാ പെൻഷൻ.
- ബാലസഭ സംഗമം.
- ബഡ്സ് സ്ക്കൂൾ. (ആസ്തികൾ ഒഴികെയുള്ളവ)
- അംഗ വൈകല്യമുള്ള കുട്ടികൾക്കായുള്ള തൊഴിൽ അവസരം.
- വനിതാ സംരംഭകർക്കുള്ള റെഡിമെയ്ഡ് തുന്നൽ യൂണിറ്റ്.
- വ്യക്തികൾക്ക് കക്കൂസ്/കിണർ എന്നിവ കെട്ടാനുള്ള ഗ്രാന്റ്.
- തെങ്ങ് കയറ്റക്കാർക്കായുള്ള ഇൻഷുറൻസ് പദ്ധതി.
- കുടുംബശ്രീ അംഗങ്ങൾക്കായുള്ള കോഴി വളർത്തൽ യൂണിറ്റ്.

- ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ.
- കുടുംബശ്രീ അംഗങ്ങളുടെ ഹോട്ടലുകൾ പെയിന്റ് ചെയ്യുന്നതിനും, വൈദ്യുതീകരിക്കുന്നതിനും.
- സബല (കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള പോഷകാഹാര പരിപാടി)
- മഴപ്പൊലിമ.

IX. **മറ്റുള്ളവ**

- വ്യക്തികൾക്കുള്ള അടുക്കളത്തോട്ടം.
- സമഗ്ര കന്നുകാലി വളർത്തൽ.
- മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ.
- വാണിജ്യ മേള, വ്യാവസായ പ്രദർശനം.
- സമഗ്ര തെങ്ങ് വികസന പരിപാടി.

*****************************************